## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ -നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1, 2 എന്നീ വിഭാഗം ജീവനക്കാർക്ക് യൂണിഫോം പരിഷ്കരണത്തിന്റെ ഭാഗമായി അനുവദിച്ച ഓവർകോട്ടിന്റെ നിറം നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാർ ഉത്തരവ് നം(ആർ.ടി)3059/2017/ആ.കു.വ, തീയതി.2/11/2017.

### ഉത്തരവ് നമ്പർ.ഇഎം4-90741/2017/ആ.വ.ഡ.തീയതി.11/5/2018.

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് , അറ്റൻഡർ വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള യൂണിഫോമിന് പുറമെ ഓവർകോട്ട് കൂടി അനുവദിച്ച് കൊണ്ട് ഉത്തരവായിരുന്നു. സർവ്വീസ് സംഘടനകളുമായി കൂടി ആലോചിച്ചുള്ള അഭിപ്രായ സാമ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓവർകോട്ടിന്റെ നിറം നിശ്ചയിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരിന്നു. അതിൻപ്രകാരം വിവിധ സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയിൽ രൂപപ്പെട്ട പൊതുധാരണ അനുസരിച്ച് മേൽ പരാമർശി വിഭാഗം ജീവനക്കാർക്ക് അനുവദിച്ച ഓവർകോട്ടിന് താഴെ വിവരിക്കും പ്രകാരമുള്ള നിറം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | | |
|---|---|---|
| നഴ്സിംഗ് അസിസ്റ്റന്റ് | - | ബിസ്ക്കറ്റ് ബ്രൗൺ |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | - | നേവി ബ്ലൂ |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | - | റോയൽ ബ്ലൂ |

ഇപ്രകാരമുള്ള യൂണിഫോം പരിഷ്കരണം സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കാത്ത വിധത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ഉള്ളതിനാൽ ഇതിന് വേണ്ടി ഒരു തരത്തിലുമുള്ള അധിക സാമ്പത്തിക ആനുകൂല്യങ്ങളും അനുവദനീയമല്ലാത്തതും പ്രസ്തുത ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള യൂണിഫോം അലവൻസിൽ നിന്നും ഓവർകോട്ടിനുള്ള തുക കണ്ടെത്തേണ്ടതുമാണ്.

മേൽ വിഭാഗം ജീവനക്കാർ ഡ്യൂട്ടി സമയത്ത് പരിഷ്കരിച്ച യൂണിഫോം കൃത്യമായി ധരിക്കേണ്ടതും ബന്ധപ്പെട്ട മേലധികാരികൾ അത് ഉറപ്പാക്കേണ്ടതുമാണ്.

(ഒപ്പ്)
ഡോ.സരിത.ആർ.എൽ
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാരും മേലധികാരികളും
(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-
1. അഡീഷണൽ ചീഫ് സെക്രട്ടറി,
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
3. വെബ്സൈറ്റ് www.dhs.kerala.gov.in
4. സീനിയർ എഡിറ്റർ (പ്രസിദ്ധീകരണത്തിനായി)
2. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ബിഎസ്